REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 04-12-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- മഹാരാഷ്ട്രയിൽ നിയമസഭാകക്ഷി നേതാവിനെ തിരഞ്ഞെടുക്കാൻ BJP MLA മാരുടെ യോഗം ഇന്ന് ചേരും.
- നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച UR. പ്രദീപും, രാഹുൽ മാങ്കൂട്ടത്തിലും ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.
- ഇന്ന് നാവികസേനാ ദിനം.
- കൊല്ലം ആര്യങ്കാവ് ചെക്ക്പോസ്റ്റിന് സമീപം ശബരിമല തീർഥാടകരുടെ ബസ് അപകടത്തിൽപ്പെട്ട് ഒരാൾ മരിച്ചു.
- ലോക ചെസ് ചാമ്പ്യൻഷിപ്പിലെ എട്ടാം മത്സരം ഇന്ന് സിങ്കപ്പൂരിൽ.

## വാർത്തകൾ വിശദമായി

മഹാരാഷ്ട്രയിൽ നിയമസഭാകക്ഷി നേതാവിനെ തിരഞ്ഞെടുക്കാൻ BJP MLA മാരുടെ യോഗം ഇന്ന് ചേരും. ധനമന്ത്രി നിർമ്മലാ സീതാരാമനെയും, ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാനിയെയും തിരഞ്ഞെടുപ്പ് നിരീക്ഷകരായി BJP നേതൃത്വം നിയോഗിച്ചിട്ടുണ്ട്. നാളെ വൈകിട്ട് അഞ്ചിന് പുതിയ മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്യും. ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയടക്കം പ്രമുഖർ പങ്കെടുക്കും. മുൻമുഖ്യമന്ത്രി ദേവേന്ദ്രഫഡ്നാവിസ് ഒരിക്കൽ കൂടി മുഖ്യമന്ത്രിയായേക്കുമെന്നാണ് സൂചന.

✪✪✪

നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ ചേലക്കരയിൽ നിന്ന് വിജയിച്ച UR. പ്രദീപും, പാലക്കാട് നിന്ന് വിജയിച്ച രാഹുൽ മാങ്കൂട്ടത്തിലും ഇന്ന്

സത്യപ്രതിജ്ഞ ചെയ്യും. ഉച്ചയ്ക്ക് 12ന് നിയമസഭാ മന്ദിരത്തിലെ R ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് ചടങ്ങ്.

✪✪✪

പൊതുമേഖലാ സ്ഥാപനങ്ങളുടെ 272 കോടി 20 ലക്ഷം രൂപ വൈദ്യുതി കുടിശ്ശിക ഗവൺമെന്റ് എഴുതി തള്ളിയതായി വ്യവസായ മന്ത്രിയുടെ ഓഫീസ് അറിയിച്ചു. സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലെ 18 പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽ കുടിശികയാണ് ഒഴിവാക്കിയത്. KSEB ഗവൺമെന്റിന് നൽകാനുണ്ടായിരുന്ന വൈദ്യുതി ഡ്യൂട്ടി ഒഴിവാക്കി നൽകിയതിന്റെ ഭാഗമായാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശിക ഒഴിവാക്കിയത്.

✪✪✪

ബേപ്പൂർ തുറമുഖവികസനം വേഗത്തിലാക്കുമെന്നും പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് കിട്ടിയാലുടൻ ഡ്രഡ്ജിംഗ് ആരംഭിക്കുമെന്നും മന്ത്രി V.N വാസവൻ അറിയിച്ചു. ബേപ്പൂർ തുറമുഖ സന്ദർശനത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡ്രഡ്ജിംഗ് നടത്തിയാലേ വലിയ കപ്പലുകൾക്ക് ബേപ്പൂരിലെത്താൻ കഴിയൂ. വിഴിഞ്ഞം തുറമുഖം കമ്മീഷനിംഗ് തീയതി സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഉടൻ തീരുമാനമെടുക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിലെ ഏറ്റവും നീളമേറിയ മേൽപ്പാലം മീഞ്ചന്തയിൽ നിർമ്മിക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. ഇതിനാവശ്യമായ ഫണ്ട് ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

നഗരത്തിലെ വട്ടക്കിണറിൽ നിന്ന് തുടങ്ങി മീഞ്ചന്തയ്ക്ക് മുകളിലൂടെ അരീക്കാട് എത്തുന്ന ഒരു കിലോമീറ്ററിലേറെ നീളുന്ന മേൽപ്പാലം, ദേശീയപാതയിലെ ഗതാഗത കുരുക്കിന് വലിയൊരളവിൽ പരിഹാരമാകുമെന്നാണ് വിലയിരുത്തൽ. ചെറുവണ്ണൂരിലും മേൽപ്പാലനിർമ്മാണത്തിന് ഭൂമിയേറ്റെടുക്കൽ ആരംഭിച്ചതായി മന്ത്രി

പറഞ്ഞു. രണ്ട് മേൽപ്പാലങ്ങൾക്കുമായി 200 കോടി രൂപയാണ് ഗവൺമെന്റ് അനുവദിച്ചത്.

കോഴിക്കോട് ഫ്രാൻസിസ് റോഡിലെ നവീകരിച്ച AKG മേൽപ്പാലവും, പാലത്തിലെ വൈദ്യുത ദീപാലങ്കാരവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഹമ്മദ് റിയാസ്. പട്ടാളപ്പള്ളി, തളിക്ഷേത്രം, CSI പള്ളി, ശ്രീകണ്ഠേശ്വര ക്ഷേത്രം, പുരാതന കെട്ടിടങ്ങൾ എന്നിവ സ്ഥിരമായി ദീപാലംകൃതമാക്കുന്ന പ്രവൃത്തിയും ഉടൻ തുടങ്ങുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

നടപ്പു സീസണിലെ നെല്ല് സംഭരണം പുരോഗമിക്കുകയാണെന്നും ഇതുവരെ സംഭരിച്ച നെല്ലിന്റെ വില ഈയാഴ്ച നൽകി തുടങ്ങാനാവുമെന്നും മന്ത്രി G.R അനിൽ പറഞ്ഞു. 175 കോടി രൂപ ഗവൺമെന്റ് ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ധനവകുപ്പിൽ നിന്ന് വില നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതുവരെ 5,138 കർഷകരിൽ നിന്ന് 16,268 മെട്രിക് ടൺ നെല്ലാണ് സംഭരിച്ചത്. ഇതിന് 46 കോടി രൂപ വില നൽകണമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഇന്ന് നാവികസേനാ ദിനം. രാജ്യത്തിന്റെ സമുദ്രാതിർത്തി സംരക്ഷണത്തിൽ നിർണായക പങ്കുവഹിക്കുന്ന നാവിക ഉദ്യോഗസ്ഥരുടെ വീരോചിത പരിശ്രമങ്ങൾക്ക് ആദരവ് നൽകാനാണ് എല്ലാ വർഷവും ഡിസംബർ നാലിന് നാവികസേനാ ദിനം ആചരിക്കുന്നത്. നവീകരണത്തിലൂടെയും സ്വദേശിവൽക്കരണത്തിലൂടെയും കരുത്തും ശക്തിയുമെന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. 1971-ലെ ഇന്ത്യ-പാകിസ്താൻ യുദ്ധത്തിൽ തുറമുഖ നഗരമായ കറാച്ചിക്കുനേരെ നടത്തിയ ട്രൈഡന്റ് ദൗത്യത്തിന്റെ സ്മരണാർത്ഥമാണ് ഡിസംബർ നാല് ദിനാചരണത്തിന് തിരഞ്ഞെടുത്തത്.

✪✪✪

GST നിരക്ക് മാറ്റത്തിന് മന്ത്രിതല സംഘം ശുപാർശ നൽകിയെന്ന മാധ്യമ റിപ്പോർട്ടുകൾ പരോക്ഷ നികുതി ബോർഡ് നിരസിച്ചു. റിപ്പോർട്ട് അടിസ്ഥാനരഹിതമാണെന്നും, മന്ത്രിതല സംഘത്തിന്റെ ശുപാർശകളൊന്നും GST കൗൺസിലിന് ലഭിച്ചിട്ടില്ലെന്നും GST നിരക്ക് മാറ്റങ്ങൾ ചർച്ച ചെയ്തിട്ടില്ലെന്നും CBIC അറിയിച്ചു.

✪✪✪

സൂര്യന്റെ ഉപരിതലത്തെ കുറിച്ചും, സൗരകാറ്റിനെ കുറിച്ചും പഠിയ്ക്കാൻ പ്രോബ - 3 ഉപഗ്രഹങ്ങൾ വൈകിട്ട് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വിക്ഷേപിക്കും. 4.08 ന് ISRO യുടെ PSLV-C-59 റോക്കറ്റ് ഉപയോഗിച്ചാണ് യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ പ്രോബ 3 ഉപഗ്രഹങ്ങൾ വിക്ഷേപിക്കുന്നത്.

✪✪✪

പാർലമെന്റ് ഹൗസിന്റെ കവാടത്തിനു മുന്നിൽ പ്രതിഷേധങ്ങളോ, വിശദീകരണ യോഗങ്ങളോ സംഘടിപ്പിക്കരുതെന്ന് ലോക്സഭാ സെക്രട്ടേറിയറ്റ് പാർലമെന്റ് അംഗങ്ങളോട് അഭ്യർത്ഥിച്ചു. സഭാസമ്മേളത്തിനെത്തുന്ന MP മാർക്ക് ഇത് മാർഗ്ഗതടസ്സമുണ്ടാക്കുമെന്ന് അവർ പറഞ്ഞു. ഈ വിഷയത്തിൽ ലോക്സഭാ സ്പീക്കർ മുന്നോട്ടു വെച്ച നിർദ്ദേശങ്ങൾ സഭാംഗങ്ങൾ പാലിക്കണമെന്നും സെക്രട്ടേറിയറ്റ് അഭ്യർത്ഥിച്ചു.

✪✪✪

കൊല്ലം ആര്യങ്കാവ് ചെക്ക്പോസ്റ്റിന് സമീപം ശബരിമല തീർഥാടകർ സഞ്ചരിച്ച ബസ് ലോറിയുമായി കൂട്ടിയിടിച്ച് താഴ്ചയിലേക്ക് മറിഞ്ഞ് ഒരാൾ മരിച്ചു. സേലം സ്വദേശി ധനപാലൻ എന്നയാളാണ് മരിച്ചത്. 25 ഓളം പേർക്ക് പരിക്കേറ്റു.

സേലം സ്വദേശികൾ സഞ്ചരിച്ച ബസ്സാണ് പുലർച്ചെ മൂന്നരയോടെ അപകടത്തിൽപ്പെട്ടത്. മുപ്പതോളം പേർ ബസിലുണ്ടായിരുവെന്നാണ് റിപ്പോർട്ട്. പരിക്കേറ്റവരെ പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

ആലപ്പുഴ ദേശീയപാതയിലെ അപകടത്തിൽ മരിച്ച B ദേവനന്ദന്റെ സംസ്കാരം ഇന്ന് കോട്ടയം പാലായിലെ കുടുംബവീട്ടിലും, ആയുഷ് ഷാജിയുടെ സംസ്കാരം കാവാലത്തും നടത്തും. കണ്ണൂർ സ്വദേശി മുഹമ്മദ് അബ്ദുൽ ജബ്ബാറിന്റെ സംസ്കാരം ഇന്നലെ രാത്രി നടത്തി.

നേരത്തെ ലക്ഷദ്വീപ് സ്വദേശിയായ വിദ്യാർത്ഥി P P മുഹമ്മദ് ഇബ്രാഹിമിന്റെ ഖബറടക്കം എറണാകുളം ടൗൺ ജുമാ മസ്ജിദിലും, ശ്രീദീപ് വത്സന്റെ സംസ്കാരം പാലക്കാട് ചന്ദ്രനഗർ ശ്മശാനത്തിലും നടത്തിയിരുന്നു.

✪✪✪

**ദേശീയപാതയിലെ കളർകോട് വാഹനാപകടത്തിൽ ആലപ്പുഴ മെഡിക്കൽ കോളജ് വിദ്യാർത്ഥികൾ മരിക്കാനിടയായ സാഹചര്യം പരിശോധിക്കണമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ കോഴിക്കോട്ട് ആവശ്യപ്പെട്ടു. റോഡിലെ സുരക്ഷാ സൗകര്യങ്ങൽ വർധിപ്പിക്കണമെന്നും, സംസ്ഥാനത്തെ ഹൈവെ നിർമ്മാണം അശാസ്ത്രീയമായാണ് നടത്തുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ആരും എപ്പോഴും അപകടത്തിൽപ്പെടാവുന്ന സ്ഥിതി റോഡുകളിലുണ്ട്. കളർകോട് അപകടത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യം പരിശോധിക്കണമെന്നും സതീശൻ പറഞ്ഞു.**

**മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്നും, അതിന്റെ പേരിൽ അവിടെ താമസിപ്പിക്കുന്നവരെ കുടിയൊഴിപ്പിക്കാൻ പാടില്ലെന്നും സതീശൻ ആവശ്യപ്പെട്ടു.**

✪✪✪

**ലോക ചെസ് ചാമ്പ്യൻഷിപ്പിലെ എട്ടാം മത്സരം ഇന്ന് സിങ്കപ്പൂരിൽ നടത്തും. ഇന്നലെ ഏഴാം മത്സരം സമനിലയിൽ പിരിയുകയായിരുന്നു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)......**

**ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ D ഗുകേഷും, ഇപ്പോഴത്തെ ലോകചാമ്പ്യൻ ചൈനയുടെ ഡിങ് ലിറനും ചാമ്പ്യൻഷിപ്പിൽ മൂന്നര പോയിന്റ് വീതം നേടി ഒപ്പത്തിനൊപ്പമാണ്. ഇന്നലെ 72 നീക്കത്തിനൊടുവിലാണ് ഏഴാം ഗെയിം സമനിലയിലായത്. ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ പകുതി പിന്നിട്ടതോടെ വിജയത്തിലേക്ക് രണ്ടു കളിക്കാർക്കും നാല് പോയിന്റ് ആവശ്യമാണ്. ആദ്യം ഏഴര പോയിന്റ് നേടുന്ന കളിക്കാരനായിരിക്കും ലോക ചാമ്പ്യൻ.**

✪✪✪

**മസ്കറ്റിൽ പുരുഷ ഹോക്കി ജൂനിയർ ഏഷ്യാ കപ്പിൽ ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. ഇന്നലെ രണ്ടാം സെമിയിൽ മലേഷ്യയെ 3-1ന് പരാജയപ്പെടുത്തിയാണ് നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യയുടെ ഫൈനൽ പ്രവേശം.**

**ഇന്ന് ഫൈനലിൽ പാകിസ്ഥാനെ ഇന്ത്യ നേരിടും.**

✪✪✪

അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റ് ടൂർണമെന്റ് ഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യ ഇന്ന് ആതിഥേയരായ UAE -യെ നേരിടും. ഷാർജ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാവിലെ 10:30 നാണ് മത്സരം. ഗ്രൂപ്പ് A യിലെ മറ്റൊരു മത്സരത്തിൽ ദുബായ് രാജ്യാന്തര സ്റ്റേഡിയത്തിൽ പാകിസ്ഥാൻ, ജപ്പാനെ നേരിടും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് FC, FC ഗോവയെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കോഴിക്കോട്ട് I-ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC, ഐസ്വാൾ FC മത്സരം സമനിലയിൽ പിരിഞ്ഞു. ഇരു ടീമുകളും ഓരോ ഗോളടിച്ചു. മൂന്ന് കളികളിൽ നിന്ന് അഞ്ച് പോയിന്റുമായി ഗോകുലം കേരള നാലാം സ്ഥാനത്താണ്. ലീഗിലെ അടുത്ത മത്സരവും ഗോകുലത്തിന് ഹോം മാച്ചാണ്. കോർപറേഷൻ സ്റ്റേഡിയത്തിൽ ശനിയാഴ്ച ചർച്ചിൽ ബ്രദേഴ്സ് ഗോവയെ അവർ നേരിടും.

✪✪✪

ആലുവ സർവ്വമത സമ്മേളന ശതാബ്ദി ദിനത്തിൽ വത്തിക്കാനിൽ സർവ്വമത സമ്മേളനം ചേരാനായത് ലോകമത ചരിത്രത്തിലെ അത്ഭുതമാണെന്ന് ശിവഗിരി മഠാധിപതി സ്വാമി സച്ചിദാനന്ദ കൊല്ലത്ത് പറഞ്ഞു. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ അന്താരാഷ്ട്ര സാഹിത്യ സാംസ്കാരികോത്സവ സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

✪✪✪

ഡിസംബർ 13 മുതൽ 20 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 29-ാമത് കേരളാ രാജ്യാന്തര ചലച്ചിത്രമേളയിൽ കൺട്രി ഫോക്കസ് വിഭാഗത്തിൽ അർമേനിയയിൽ നിന്ന് ഏഴ് ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഒരു നൂറ്റാണ്ട് പിന്നിടുന്ന അർമേനിയൻ സിനിമയോട് ആദരസൂചകമായാണ് പ്രദർശനം.

✪✪✪

മൂന്നാമത് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ക്വിസ് മത്സരങ്ങളിൽ കോഴിക്കോട് മേഖലയിലെ സ്കൂൾ വിഭാഗത്തിൽ മേമുണ്ട ഹയർസെക്കണ്ടറിയും, കോളേജ്

വിഭാഗത്തിൽ മണാശ്ശേരി MAMO കോളേജും ജേതാക്കളായി. സ്കൂൾ തലത്തിൽ 39 ടീമും, കോളേജ് തലത്തിൽ 11 ടീമും ക്വിസ് മത്സരത്തിൽ പങ്കെടുത്തു.

✪✪✪

ആലപ്പുഴ ജില്ലാ സ്കൂൾ കലോത്സവത്തിൽ മാവേലിക്കര ഉപജില്ല 793 പോയിന്റോടെ ഓവറോൾ ചാമ്പ്യന്മാരായി. 764 പോയിന്റു നേടിയ ചേർത്തലയാണ് രണ്ടാം സ്ഥാനത്ത്.

സ്കൂൾ വിഭാഗത്തിൽ 294 പോയിന്റോടെ മാന്നാർ നായർ സമാജം ബോയ്സ് ഹയർസെക്കണ്ടറി ഇത്തവണയും ഒന്നാം സ്ഥാനം നിലനിർത്തി.

✪✪✪

ശബരിമല തീർത്ഥാടകർക്ക് കുമളിയിൽ നിന്ന് മുക്കുഴി - സത്രം കാനനപാത ഇന്ന് രാവിലെ തുറന്നു കൊടുക്കുമെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചു. കനത്ത മഴയെ തുടർന്ന് കാനന പാതയിലൂടെ തിങ്കളാഴ്ച്ച ഉച്ച മുതൽ യാത്ര താൽക്കാലികമായി നിരോധിച്ചിരുന്നു.

✪✪✪

പന്തളം നഗരസഭാ ചെയർപേഴ്സണും, വൈസ് ചെയർപേഴ്സണും രാജിവെച്ചു. LDF കൊണ്ടുവന്ന അവിശ്വാസപ്രമേയം ഇന്ന് പരിഗണിക്കാനിരിക്കെയാണ് ഇരുവരുടെയും രാജി.

✪✪✪